പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3645 20.6.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംയോജിത വിദ്യാഭ്യാസ രീതി

ചോദ്യം മറുപടി

ശ്രീ.അടൂർ പ്രകാശ് ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള സംയോജിത വിദ്യാഭ്യാസരീതി പരിഷ്കരിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഈ വകുപ്പ് തലത്തിൽ പരിഗണിച്ചിട്ടില്ല. |
| (ബി) എൽ.പി., യു.പി., തലത്തിൽ ഒരു ബി.ആർ.സി.യുടെ കീഴിൽ ഒന്നോ രണ്ടോ പഞ്ചായത്തുകളിലെ മുഴുവൻ സ്കൂളുകളിലേക്കും ഒരു റിസോഴ്സ് പേഴ്സണെ ആണോ നിയോഗിച്ചിട്ടുള്ളത്; | (ബി) സർവ്വ ശിക്ഷാ അഭിയാൻ, കേരളയുടെ കീഴിലാണ് ബി.ആർ.സി കൾ പ്രവർത്തിച്ച് വരുന്നത്. U-DISE(Unified District Information System for Education) ഡേറ്റയുടെ അടിസ്ഥാനത്തിൽ അഞ്ചോ അതിലധികമോ ഭിന്നശേഷിക്കാരായ കുട്ടികളുള്ള സ്കൂളുകളിൽ പ്രസ്തുത കുട്ടികളുടെ എണ്ണത്തിന്റെ മുൻഗണനാ ക്രമത്തിൽ ആണ് റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. |
| (സി) ഭിന്നശേഷി നിയമത്തിൽ എത്ര കുട്ടികൾക്കാണ് ഒരു റിസോഴ്സ് പേഴ്സൺ എന്ന അനുപാതം നിഷ്കർഷിച്ചിട്ടുള്ളത്, | (സി) ഭിന്നശേഷി നിയമത്തിൽ( Rights of Persons with Disabilities Act 2016) പ്രത്യേക അനുപാതം നിഷ്കർഷിച്ചതായി കാണുന്നില്ല. |
| (ഡി) ആവശ്യമായ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസപരവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന കാര്യങ്ങൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | (ഡി) റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം ഇപ്പോൾ നടത്തി വരുന്നത് സമഗ്ര ശിക്ഷാ അഭിയാൻ[സർവ്വ ശിക്ഷാ അഭിയാനും(SSA) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും(RMSA) സംയോജിപ്പിച്ച്] വഴിയാണ്. കരാറടിസ്ഥാ നത്തിൽ നിയമിതരാകുന്ന ഇവരുടെ |

| | |
|---|---|
| | ശമ്പളം കേന്ദ്ര ഫണ്ടിൽ (മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്) നിന്നാണ് നൽകി വരുന്നത്. കേന്ദ്രഫണ്ടിന്റെ ലഭ്യതയ്ക്കാനുപാതികമായാണ് റിസോഴ്സ് അദ്ധ്യാപകരെ ഇപ്പോൾ നിയമിച്ചു വരുന്നത് |

സെക്ഷൻ ഓഫീസർ